**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 231** **02-08-2021 - ൽ മറുപടിയ്ക്ക്**

**അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷ ഒരുക്കുന്ന കാര്യത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്തെ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുള്ളതും 02.02.2006-ലെ സ.ഉ.(അച്ചടി)നം.24/2016/തൊഴിൽ ഉത്തരവ് പ്രകാരം നിലവിൽവന്നതുമായ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് അർഹതയ്ക്കനുസരിച്ച് റിട്ടയർമെന്റാനുകൂല്യം, വിവാഹ ധനസഹായം, പ്രസവ ധനസഹായം, അവശതാ പെൻഷൻ, കുടുംബ പെൻഷൻ, വിദ്യാഭ്യാസാനുകൂല്യം, ചികിത്സാസഹായം, മരണാനന്തരാനുകൂല്യം, അപകടാനുകൂല്യം, ശവസംസ്കാര ചെലവുകൾ, വിവാഹം, വീട് നിർമ്മാണം, സ്വയം തൊഴിൽ ചെയ്യൽ എന്നിവയ്ക്കുള്ള വായ്പാ ധനസഹായം എന്നിവ നല്കുന്നതാണ്. |
| (ബി) | ഈ മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്തെ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തി സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുള്ളതും 02.02.2006-ലെ സ.ഉ.(അച്ചടി)നം.24/2016/തൊഴിൽ ഉത്തരവ് പ്രകാരം നിലവിൽവന്നതുമായ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് അർഹതയ്ക്കനുസരിച്ച് റിട്ടയർമെന്റാനുകൂല്യം, വിവാഹ ധനസഹായം, പ്രസവ ധനസഹായം, അവശതാ പെൻഷൻ, കുടുംബ പെൻഷൻ, വിദ്യാഭ്യാസാനുകൂല്യം, ചികിത്സാസഹായം, മരണാനന്തരാനുകൂല്യം, അപകടാനുകൂല്യം, ശവസംസ്കാര ചെലവുകൾ, വിവാഹം, വീട് നിർമ്മാണം, സ്വയം തൊഴിൽ ചെയ്യൽ എന്നിവയ്ക്കുള്ള വായ്പാ ധനസഹായം എന്നിവ നല്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത മേഖലയിലെ തൊഴിലാളികൾക്ക് സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്താൻ കേന്ദ്ര സഹായ പദ്ധതികൾ നിലവിലുണ്ടോ; വ്യക്തമാക്കാമോ; | (സി) | കേന്ദ്ര സഹായ പദ്ധതികൾ ഒന്നും നിലവിലില്ല. |
| (ഡി) | കൊവിഡ് കാലത്ത് ഈ മേഖലയിലെ തൊഴിലാളികൾക്ക് സഹായം ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ഡി) | കോവിഡ് 19 ന്റെ ഒന്നാം ഘട്ട വ്യാപനസമയത്ത് പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അംഗങ്ങൾക്കും ആയിരം രൂപ നിരക്കിൽ ആശ്വാസ ധനസഹായം വിതരണം ചെയ്യുന്നതിനായി സർക്കാർ 27,50,00,000/-(ഇരുപത്തിയേഴ് കോടി അൻപത് ലക്ഷം) രൂപ അനുവദിച്ചിരുന്നു. ആയതിൽ 2,06,939 തൊഴിലാളികൾക്കായി 20,69,39,000/-(ഇരുപത് കോടി അറുപത്തിയൊൻപതു ലക്ഷത്തി മുപ്പത്തൊൻപതിനായിരം) രൂപ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ കോവിഡ് 19 ന്റെ രണ്ടാം തരംഗം മൂലം സംജാതമായിട്ടുള്ള പ്രത്യേക സാഹചര്യം കൂടി കണക്കിലെടുത്ത് ഓരോ പദ്ധതി അംഗങ്ങൾക്കും 1000/- രൂപ നിരക്കിൽ രണ്ടാം ഘട്ടമായി ആശ്വാസ ധനസഹായം നൽകുന്നതിന് സർക്കാർ 22,50,00,000/-(ഇരുപത്തിരണ്ട് കോടി അൻപത് ലക്ഷം) രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ